# പരിഷ്കരണത്തിന് വേറിട്ട ശൈലി

## ശാസ്ത്രവും ചരിത്രവും സാമൂഹിക വിജ്ഞാനവും പരിസ്ഥിതി-പ്രകൃതി പഠനങ്ങളും മതത്തിനപ്പുറത്താണെന്ന ധാരണ മാറ്റാൻ മതവിദ്യാഭ്യാസത്തിനു കഴിയണം

**പുത്തൂർ ഇബ്റാഹീം കുട്ടി**

**മതവിദ്യാഭ്യാസരംഗത്തെ** പാരമ്പര്യ ബോധന രീതികൾ കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും ഉത്തമ സമൂഹത്തെ വാർത്തെടുക്കുന്നതിനും വേണ്ടവിധം പ്രയോജനപ്പെടുന്നില്ല എന്നതാണ് സത്യം. ശിശുകേന്ദ്രീകൃത പഠനരീതി മതപാഠശാലകളിൽ എത്തിയിട്ടില്ലെന്നു മാത്രമല്ല, അങ്ങനെയൊരു ചിന്ത പോലും ഉണ്ടായിട്ടില്ല. പ്രയോജനകരമല്ലെങ്കിലും പാരമ്പര്യ രീതികൾ കൈവിടാൻ നാം തയാറല്ല. കാപ്സ്യൂൾ രീതിയിൽ തയാറാക്കിയ അറിവുകൾ കുട്ടികൾക്ക് വിഴുങ്ങാൻ കൊടുക്കുന്ന സമ്പ്രദായമാണ് നാം സ്വീകരിക്കുന്നത്.

'ഇൽമ്' എന്ന അറബി പദത്തെ മതവിവരമാക്കി നാം ചുരുക്കിക്കളഞ്ഞു. ഭൂലോകത്തുള്ള ഏതുവിഷയത്തെക്കുറിച്ചും അറിയാനുള്ള അവകാശം വിദ്യാർഥികൾക്കുണ്ട്. സ്കൂളുകൾ ഭൗതിക വിദ്യാഭ്യാസത്തിനും മതസ്ഥാപനങ്ങൾ ദീനീ വിദ്യാഭ്യാസത്തിനും എന്ന ധാരണ നിലനിൽക്കുന്നു. സ്കൂളിലെത്തുന്ന കുട്ടിയിൽ ഒരുപാടു സംശയങ്ങളും ആശങ്കകളും ഉണ്ടാകുന്നു. മദ്റസാ പഠനം നിർത്തുന്നതോടുകൂടി ഭൗതികതയിലും പൊതു ധാരയിലും ലയിച്ച് മതം പള്ളികളിൽ മാത്രമായൊതുങ്ങുന്നു.

ശാസ്ത്രവും ചരിത്രവും സാമൂഹിക വിജ്ഞാനവും പരിസ്ഥിതി-പ്രകൃതി പഠനങ്ങളും മതത്തിനപ്പുറത്താണെന്ന ധാരണ മാറ്റാൻ മതവിദ്യാഭ്യാസത്തിനു കഴിയണം. ഖുർആന്റെ തെളിവുകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ശാസ്ത്ര-ചരിത്ര വിജ്ഞാനങ്ങൾ പഠിപ്പിക്കപ്പെടുകയും അധ്യാപകർക്ക് പരിശീലന കോഴ്സുകൾ നൽകുകയും വേണം.

നിരീക്ഷണങ്ങളിലൂടെയും താരതമ്യത്തിലൂടെയും വിശകലനത്തിലൂടെയുമാണ് കുട്ടി നിഗമനത്തിലെത്തിച്ചേരുന്നത്. സ്വതന്ത്രമായ അന്തരീക്ഷം, താൽപര്യമുണർത്തുന്ന പഠനരീതി, നിർഭയത്വം തുടങ്ങിയവ സ്ഥാപനങ്ങളിൽ ഉണ്ടാകണം. കുട്ടികളുടെ പ്രകൃതം, നൈസർഗിക ശേഷികൾ, പഠന പ്രക്രിയയിലെ വിവിധ ഘട്ടങ്ങൾ എന്നിവയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടു കൾ ഉണ്ടാക്കിയശേഷമാവണം പുതിയ പഠന രീതി പരീക്ഷിക്കേണ്ടത്.

നവീന പാഠ്യരീതി അവഗണിക്കുന്ന ഒരു വിഷയമാണ് മനഃപാഠം. ഇസ്‌ലാമിലാവട്ടെ വലിയ പ്രാധാന്യം മനഃപാഠത്തിനുണ്ട്. മനഃപാഠം നിലനിർത്തിക്കൊണ്ടുള്ള മാറ്റത്തെ മാത്രമേ സ്വീകരിക്കാനാവൂ. ശിക്ഷകളില്ലാത്ത വിദ്യാഭ്യാസ പഠനരീതിയാണ് പാശ്ചാത്യ ലോകം മുന്നോട്ടു വെക്കുന്നത്. ഇതും അപ്പടി നമുക്ക് സ്വീകരിക്കാനാവില്ല. ശിക്ഷണത്തോടൊപ്പം ശിക്ഷയും ചിലപ്പോഴെങ്കിലും വേണ്ടി വരും.

ജീൻപിയാഷെയുടെ, കുട്ടികളുടെ വികാസ ഘട്ടങ്ങളെക്കുറിച്ചുള്ള പഠനത്തിൽ രണ്ടു വയസ്സു മുതൽ ഏഴുവയസ്സുവരെയുള്ള കാലഘട്ടം പ്രാഗ്മനോവ്യാപാര ഘട്ടമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. മനോവ്യാപാരം നടക്കാത്ത ഘട്ടമാണത്രെ ഇത്. കണ്ടും അറിഞ്ഞും കേട്ടും ഒരുപാടുകാര്യങ്ങൾ ഈ കാലഘട്ടത്തിൽ അവർക്ക് സ്വായത്തമാക്കാൻ കഴിയും. ഏഴു വയസ്സു മുതൽ പതിനൊന്നു വയസ്സുവരെയുള്ള കാലം രൂപാത്മക മനോവ്യാപാര ഘട്ടമാണ്. ഈ സമയത്ത് പരിചിതാനുഭവങ്ങളെ പുതിയ സന്ദർഭങ്ങളുമായി ബന്ധപ്പെടുത്താനും ഒന്നിലധികം അനുഭവങ്ങളെ യുക്തിപൂർവം ബന്ധപ്പെടുത്താനും കഴിയുന്നു. ഔപചാരിക മനോവ്യാപാരഘട്ടം നടക്കുന്നത് പതിനൊന്നു വയസ്സിനു ശേഷമാണെന്നാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ. മതവിദ്യാഭ്യാസ രംഗത്താവട്ടെ, ഔപചാരിക മനോവ്യാപാരഘട്ടമാവുമ്പോഴേക്കും വിദ്യാർഥിയുടെ മതപഠനം അവസാനിച്ചു കഴിഞ്ഞിരിക്കും. ഉത്തമ പൗരനെയും സമൂഹത്തെയും വാർത്തെടുക്കാൻ കഴിയാത്ത വിദ്യാഭ്യാസ രീതിയെ കാലം പുറകോട്ടുതള്ളുമെന്ന കാര്യത്തിൽ സംശയമില്ല. ■